"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരള പഞ്ചായത്ത് രാജ് ആക്ട് - എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.01.2025-ലെ 8(1), 31.01.2025-ലെ 7(1) എന്നീ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.638/2025/LSGD തീയതി, തിരുവനന്തപുരം, 07-03-2025

---

പരാമർശം:-

1. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14/01/2025-ലെ 8(1) നമ്പർ തീരുമാനം
2. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31/01/2025-ലെ 7(1) നമ്പർ തീരുമാനം
3. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/02/2025 -ലെ എസ്.സി3-967/25 നമ്പർ കത്ത്

<u>ഉത്തരവ്</u>

2019-ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് CRZ II-ൽ ഉൾപ്പെടുന്നു. 2019-ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം അന്തിമമാക്കിയ CRZ മാപ്പിൽ CRZ 1B-ൽ SLUICE GATE-കൾ HTL ആയി പരിഗണിക്കാതെ ജനസാന്ദ്രത കൂടിയ റസിഡൻഷ്യൽ ഏരിയകൾ ഉൾപ്പെട്ടത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA)യ്ക്ക് സമർപ്പിക്കുന്നതിനും നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235W പ്രകാരം നടപടി സ്വീകരിച്ച് UA നമ്പർ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നതിനും CRZ IB-യിലെ മേൽ അപാകതകൾ സംബന്ധിച്ച് KCZMA-യ്ക്കെതിരെ കേസ് ഫയൽ ചെയ്യുന്നതിനും ചേരാനെല്ലൂർ പഞ്ചായത്ത് സമിതി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2) എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് 1986 പ്രകാരവും കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ പ്രകാരവും KCZMA-യുടെ അനുമതി ഇല്ലാതെ CRZ പ്രദേശത്ത് ഏതൊരു നിർമ്മാണം നടത്തുന്നത് നിയമവിരുദ്ധമാണെന്നും CRZ മേഖലയിൽ UA നമ്പർ നൽകി ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ തുടങ്ങിയ ആവശ്യങ്ങൾക്ക് സർട്ടിഫിക്കറ്റ് അനുവദിക്കാൻ നിയമപ്രകാരം സാധിക്കില്ലെന്നും കൂടാതെ KCZMA-യ്ക്ക് എതിരെ ഈക്കാര്യത്തിന് കേസ് ഫയൽ ചെയ്യുന്നതിന് inter department disputes resolution കമ്മിറ്റിയുടെ ക്ലിയറൻസ് ആവശ്യമാണെന്നുമുള്ള സെക്രട്ടറിയുടെ അഭിപ്രായം പരിഗണിക്കാതെയാണ് പഞ്ചായത്ത് കമ്മിറ്റി ടി തീരുമാനം എടുത്തിരുന്നത്. പ്രസ്തുത

തീരുമാനം പുനഃപരിശോധിക്കുന്നതിനായി സെക്രട്ടറി സമർപ്പിച്ച നോട്ട് പ്രകാരം 31/01/2025-ലെ അടിയന്തര യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും പരാമർശം (1) പ്രകാരമുള്ള തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

3) ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിയമാനുസൃതമല്ലാത്ത പ്രസ്തുത തീരുമാനങ്ങൾ പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 14/01/2025-ലെ 8(1), 31/01/2025-ലെ 7(1) എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 191(4) വകുപ്പ് പ്രകാരം സ്റ്റേ ചെയ്തും പ്രസ്തുത തീരുമാനങ്ങൾ 191(2) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 10-03-2025 10:46:40
സെക്ഷൻ ഓഫീസർ

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ(റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്